# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : * 58

10-06-2014-ൽ മറുപടിക്ക്

## ഫാക്ടിന്റെ പ്രതിസന്ധി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ. എസ്.ശർമ്മ<br>ശ്രീ. ബി.ഡി.ദേവസ്സി<br>ശ്രീ. ബാബു എം.പാലിശ്ശേരി | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) തുടർച്ചയായി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന ഫാക്ട് ഇപ്പോൾ തുടർച്ചയായി നഷ്ടത്തിലാകാനുള്ള കാരണത്തെക്കുറിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. നാഫ്തയുടെ / പുനർവാതകമാക്കിയ ദ്രവീകൃത പ്രകൃതിവാതകത്തിന്റെ (ആർ.എൽ. എൻ.ജി) വളരെ ഉയർന്ന വില, പ്രവർത്തന മൂലധനത്തിന്റെ കുറവ്, വർദ്ധിച്ച പലിശ ഭാരം, കാപ്രോലാക്ടം പ്ലാന്റ് അടച്ചിട്ടത് തുടങ്ങിയ വിവിധ കാരണങ്ങളാലാണ് ഫാക്ടിനു നഷ്ടം നേരിടേണ്ടി വരുന്നത്.<br><br>01/04/2010 മുതൽ ഫോസ്ഫേറ്റ് വളങ്ങളുടെ സബ്സിഡി സമ്പ്രദായം പോഷക മൂലകത്തിന്റെ അടിസ്ഥാനത്തിലാക്കി. അമോണിയം സൾഫേറ്റും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ സബ്സിഡി നയത്തിനു കീഴിൽ, വളത്തിന് നിശ്ചിത വിലയും വ്യത്യസ്തമായ സബ്സിഡിയും എന്ന പഴയനില മാറി നിശ്ചിത സബ്സിഡിയും വ്യത്യസ്തമായ വിലയും എന്ന സ്ഥിതി സംജാതമായി. ദക്ഷിണേ |

ന്ത്യയിൽ പ്രകൃതിവാതകം ലഭ്യമല്ലാത്തതിനാൽ, ഫാക്ക് വളം നിർമ്മാണത്തിന് വിലയേറിയ നാഫ്ത / ആർ.എൽ.എൻ.ജി. യാണ് ഉപയോഗിക്കുന്നത്. ഇവ രണ്ടിനും പ്രകൃതിവാതകത്തേക്കാൾ വില കൂടുതലാണ്.

2013 ഒക്ടോബർ മുതൽ ഫാക്ടിന്റെ പ്ലാന്റുകൾ ആർ.എൽ.എൻ.ജി.യിലേക്ക് മാറുകയുണ്ടായി. എന്നാൽ ആർ.എൽ.എൻ.ജി.യുടെ വില പ്രകൃതിവാതകത്തിന്റേതിനേക്കാൾ വളരെ കൂടുതലാണ്.

ഇതുകൂടാതെ സൾഫർ, ഫോസ്ഫോറിക് ആസിഡ് തുടങ്ങിയവയുടെ അസാധാരണമായ വിലവർദ്ധനവും ഫാക്ടിന്റെ പ്രവർത്തന നഷ്ടത്തിന് കാരണമായിട്ടുണ്ട്.

| | |
|---|---|
| **(ബി)** എൽ.എൻ.ജി.യുടെ വിലവർദ്ധനയിൽ നിന്നും ഫാക്ടിനെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; | **(ബി)** ആർ.എൽ.എൻ.ജി.യ്ക്ക് മേലുള്ള മൂല്യവർദ്ധിത നികുതി (വാറ്റ്) ഒഴിവാക്കിത്തരണമെന്ന് ഫാക്ട് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഈ വിഷയം സംസ്ഥാന മന്ത്രിസഭായോഗം ചർച്ച ചെയ്യുകയും, ഫാക്ടിനായി കേന്ദ്രസർക്കാർ വിഭാവനം ചെയ്തിട്ടുള്ള പുനരുദ്ധാരണ പദ്ധതിയ്ക്ക് വിധേയമായി, ഫാക്ടിനുള്ള ഉചിതമായ നികുതിയിളവ് അനുവദിക്കുവാൻ, മന്ത്രിസഭായോഗം തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി) ഫാക്ടിനെ തകർച്ചയിൽ നിന്നും സംരക്ഷിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്നും ഇത് ഫാക്ടിന്റെ പ്രതിസന്ധിയെ ഏത് തരത്തിൽ ബാധിച്ചുവെന്നും വ്യക്തമാക്കാമോ? | (സി) ഫാക്ടിനുവേണ്ടിയുള്ള പ്രത്യേക സാമ്പത്തിക പാക്കേജ് ബോർഡ് ഫോർ റീകൺസ്ട്രക്ഷൻ ഓഫ് പബ്ലിക് എന്റർപ്രൈസസ് (ബി.ആർ.പി.എസ്.ഇ.) അംഗീകരിച്ച് മുൻ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഇതിൽ 550 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകുക, 442 കോടി രൂപയുടെ ലോൺ, പലിശ തുടങ്ങിയവ ഉൾപ്പെടുന്ന കമ്പനിയുടെ ബാദ്ധ്യതകൾ എഴുതി തള്ളൽ, നികുതി ഇളവ് എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത സാമ്പത്തിക പാക്കേജിന് അടിയന്തിര പ്രാധാന്യം നൽകി, കേന്ദ്ര സർക്കാരിന്റെ അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ബഹു. മുഖ്യമന്ത്രി, 30/05/2014 ൽ ബഹു. ഇന്ത്യൻ പ്രധാനമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഫാക്ടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ